16/4/21


സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in


DESPATCHED On 29/04/21

ഹർജി നമ്പർ **AP 1946(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16055/SIC-Gen4/2019**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഷൈജു എസ്.,
സെക്രട്ടറി,
ശ്രീ ചാമുണ്ഡേശ്വരി മാടൻ കോവിൽ,
കറുവാലിക്കുന്ന് ജംഗ്ഷൻ, കമ്പിപ്പാലം,
വഞ്ചിയൂർ പി.ഒ.,
തിരുവനന്തപുരം - 695 036.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്, ഹെൽത്ത് വിഭാഗം, മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം.
2. അപ്പീൽ അധികാരി, മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിലെ എതിർകക്ഷികളും, ഈ വിഷയം കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്കും ലഭ്യമാക്കിയ വിശദീകരണം കമ്മീഷൻ പരിശോധിച്ചു. വിവരാവകാശ നിയമത്തെ സംബന്ധിച്ചിടത്തോളം, മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തന്നെയാണ്. ഇവിടെ സെക്ഷൻ ക്ലാർക്കിന് കാര്യങ്ങൾ ചെയ്യുന്നതിൽ പരിമിതിയുണ്ടെന്ന് അറിഞ്ഞിട്ടും വിവരാവകാശ അപേക്ഷകളിൽ സമയബന്ധിതമായി മറുപടി നൽകുന്നതിന് ആവശ്യമായ യാതൊരു ബദൽ ക്രമീകരണങ്ങളും എതിർകക്ഷികൾ ചെയ്തിട്ടുള്ളതായി കാണുന്നില്ല. കൂടാതെ കമ്മീഷൻ ഉത്തരവിലെ 6-ാം ഖണ്ഡികയിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്

എന്ത് നടപടി സ്വീകരിച്ചുവെന്നതിന് വ്യക്തമായ യാതൊരു വിശദീകരണവും എതിർകക്ഷികൾ ഹാജരാക്കിയിട്ടുമില്ല. തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറി വിവരാവകാശത്തിന് മറുപടി നൽകുന്നതിൽ ഉണ്ടായ വീഴ്ച സെക്ഷൻ ക്ലാർക്കിന്റെ ചുമലിൽ കെട്ടിവയ്ക്കുന്ന ഒരു സമീപനമാണ് എതിർകക്ഷികൾ ചെയ്തിട്ടുള്ളത് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ഈ വിഷയവുമായി ബന്ധപ്പെട്ട നഷ്ടപ്പെട്ടതായി പറയുന്ന ഫയൽ തിരച്ചിൽ നടത്തി കണ്ടെത്തുന്നതിന് ആവശ്യമായ സഹായങ്ങൾ എതിർകക്ഷികൾ അപ്പീൽ ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ കമ്മീഷൻ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2021 ഏപ്രിൽ മാസം 16-ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk/